**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഉപഭോക്താക്കൾക്ക് ജി.എസ്.ടി. യുടെ ഗുണഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Dr. T. M. Thomas Isaac (ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ജി.എസ്.ടി. യുടെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ദേശീയ അമിതവില വിരുദ്ധ അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്ത് എതെങ്കിലും അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 176 പ്രകാരം ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി. ചട്ടം 126 അനുസരിച്ച് സംസ്ഥാന തലത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി 25.09.2017-ലെ S.R.O. No. 581/2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ജി.എസ്.ടി. വകുപ്പിലെ ജോയിന്റ് കമ്മീഷണറും സ്റ്റേറ്റ് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിലെ അഡീഷണൽ കമ്മീഷണറും അടങ്ങുന്നതാണ് സംസ്ഥാന തലത്തിലുള്ള ആന്റി പ്രോഫിറ്റിയറിങ് സ്ക്രീനിംഗ് കമ്മിറ്റി. ജി.എസ്.ടി. ആക്ട് അനുസരിച്ച് മുകളിൽ പറഞ്ഞിട്ടുള്ളതല്ലാതെ ഇത്തരത്തിലുള്ള മറ്റൊരു കമ്മിറ്റികളും രൂപീകരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | ഇല്ലെങ്കിൽ ഉപഭോക്താക്കളിൽ നിന്നും അമിതമായി കൈപ്പറ്റുന്ന പണം തിരികെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധന നടത്തുകയും പരാതിയിൽ കഴമ്പുണ്ടെന്ന് തെളിഞ്ഞാൽ തുടർ നടപടികൾക്കായി കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ജി.എസ്.ടി. നിയമം അനുസരിച്ച് ഇത്തരം പരാതികളിന്മേൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി ആണ്. |

സെക്ഷൻ ഓഫീസർ